# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4.** 08.02.2016 ന് മറുപടിയ്ക്ക്

## ക്ലബ്ബുകളുടെയും ഹോട്ടലുകളുടെയും ബാർ ലൈസൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.നാരായണൻ:<br>,, പി.കെ.ഗുരുദാസൻ:<br>ഡോ.കെ.ടി.ജലീൽ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | നിലവിലെ അബ്കാരി നയത്തിൽ ക്ലബ്ബ് ലൈസൻസ് റദ്ദു ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മദ്യനയത്തിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ ഓരോ വർഷവും വിലയിരുത്താവുന്നതാണ്. |
| (ബി) | നിലവിൽ എത്ര ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്; | (ബി) | 33 ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്. |
| (സി) | പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നല്കുന്നതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (സി) | വിദേശമദ്യ നിയമം ചട്ടം 13(3) പ്രകാരം പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് അർഹത പരിശോധിച്ച് ബാർ ലൈസൻസ് നൽകാവുന്നതാണ്. പ്രധാനമായും ഹോട്ടലിന് ഇൻഡ്യാ ഗവൺമെന്റിന്റെ ടൂറിസം വകുപ്പ് നൽകുന്ന ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം, ടി ഹോട്ടൽ നോൺ ഒബ്ജക്ഷനബിൾ സൈറ്റിൽ ആയിരിക്കണം, ഹോട്ടലിന് ബാർ ലൈസൻസ് അനുവദിക്കുന്നതിന് ആക്ഷേപം ഇല്ലായെന്ന് ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷന്റെ നിരാക്ഷേപ പത്രം വേണം. കൂടാതെ വിദേശ മദ്യനിയമം ചട്ടം 13 A-ൽ നിഷ്ക്കർഷിക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം. |